I/98407/2024

## മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
## തിരുവനന്തപുരം

-

വിഷയം:- തദ്ദേശസ്വയംഭരണ പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം – തിരുവനന്തപുരം – സാങ്കേതികവിഭാഗം – തിരുവനന്തപുരം ജില്ല – ഇലകമൺ ഗ്രാമപഞ്ചായത്ത് അയിരൂർ വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഇലകമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/10/2023 ലെ 400199/PTRE15/GPO/2023/5989(2) നമ്പർ കത്ത്.

2. തിരുവനന്തപുരം ജില്ലാ ടൗൺപ്ലാനറുടെ 09/01/2023 തീയതിയിലെ LSGD/JD/TVM/3073/2023-P1 നമ്പർ കത്ത്.

==============================================================

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. LSGD/PD/24366/2023-TCPA1 തീയതി:07-02-2024

==============================================================

തിരുവനന്തപുരം ജില്ലയിലെ ഇലകമൺ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അയിരൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 243/13, 243/14, 248/18, 243/13-1 ൽ ഉൾപ്പെട്ട 27.09 ആർ സ്ഥലത്ത് 189 sq.m (Canopy 168 sq.m + office building 21 sq.m) വിസ്തൃതിയിൽ നിർമ്മിച്ച പെട്രോൾ പമ്പ് (I Group Occupancy) KPBR 2011 ചട്ടപ്രകാരം റഗുലറൈസ് ചെയ്യുന്നതിലേയ്ക്ക് ലേ-ഔട്ട് അംഗീകാരത്തിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ജ്യോതിസ് നസറുള്ള, Dr.റസ്സിൻ നസറുള്ള എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെ.പി.ബി.ആർ 2011, ചട്ടം 61(9) പ്രകാരം കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

### നിബന്ധനകൾ

1. നിർമ്മാണം കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾസ്, 2011-നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.
2. വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് ഉടമസ്ഥത, സർവ്വേ നമ്പർ, അതിർത്തി അളവുകൾ, സ്ഥലവിസ്തൃതി എന്നിവ ശരിയാണെന്നും, നിലം, പുറംമ്പോക്ക് ഭൂമി എന്നിവയിൽ ഉൾപ്പെട്ടിട്ടില്ലയെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം.
3. KPBR, 2011-ലെ ചട്ടം 61(13) പ്രകാരം sales building-ന് അതിർത്തിയിൽ നിന്നും 1m open space ലഭ്യമാണെന്നും, കനോപ്പിക്ക് റോഡിൽ നിന്നും ചട്ടം 61(12) പ്രകാരമുള്ള 3m അകലം ലഭ്യമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
4. നിയമാനുസൃതം ആവശ്യമായ എല്ലാ ഏജൻസികളിൽ നിന്നും NOC/അനുമതി

I/198437/2024

ലഭ്യമാക്കിയിട്ടുണ്ടെന്ന് ഒക്കുപ്പൻസി അനുവദിക്കുന്നതിന് മുമ്പായി പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5. നിർമ്മാണം പൂർത്തിയായിരിക്കുന്നതിനാൽ പഞ്ചായത്ത് സെക്രട്ടറി ചട്ടപ്രകാരമുള്ള ക്രമവൽക്കരണഫീസ് ഈടാക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രസ്തുത നിർമ്മാണങ്ങൾക്ക് ഒക്കുപ്പൻസി അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ടി നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഇലകമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 01/2024</u>

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signed by
Nidheesh K. P.
Date: 07-02-2024 11:34:04

**നിധീഷ് കെ.പി.**
**ടൗൺ പ്ലാനർ**
(ചീഫ് ടൗൺ പ്ലാനർക്കു വേണ്ടി)

സെക്രട്ടറി, ഇലകമൺ ഗ്രാമപഞ്ചായത്ത്, അയിരൂർ, വർക്കല.പി.ഒ

<u>പകർപ്പ്:-</u>

1. ശ്രീ.ജ്യോതിസ് നസറുള്ള, സങ്കേതം, അയിരൂർ.പി.ഒ, തിരുവനന്തപുരം-695310
2. ടൗൺപ്ലാനർ, തിരുവനന്തപുരം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം